I/108388/2023

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്
തിരുവനന്തപുരം - 695 014
ഇ-മെയിൽ : tcoffice.mvd@kerala.gov.in
വെബ്: www.mvd.kerala.gov.in
ഫോൺ :0471-2333317 / 37
തീയതി: **10-02-2023**

പ്രേഷകൻ :

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്:

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, (എൻഫോഴ്സ്മെൻറ്)
എല്ലാ ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് - സ്പെഷ്യൽ ഡ്രൈവ്-**സേഫ് സ്കൂൾ ബസ്**- വിദ്യാർഥികൾ ഉപയോഗിക്കുന്ന വാഹനങ്ങളിൽ പ്രത്യേക പരിശോധന നടത്തുന്നത് - സംബന്ധിച്ച്-

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2022 ജൂണിൽ പുതിയ അധ്യായനവർഷം ആരംഭിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സ്കൂൾ വാഹനങ്ങളും മോട്ടോർവാഹനവകുപ്പ് പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. ഈ പരിശോധന കഴിഞ്ഞ് എട്ടുമാസത്തിലധികം കടന്നുപോയിരിക്കുന്നു. അടുത്തകാലത്തായി ഒറ്റപ്പെട്ടതാണെങ്കിലും സ്കൂൾ വാഹനങ്ങൾ ഉൾപ്പെട്ട ചില അപകടങ്ങൾ റിപ്പോർട്ട് ചെയ്യുകയും കുടാതെ ചില സ്ഥലങ്ങളിൽ മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ സ്കൂൾ വാഹനങ്ങൾ ആവശ്യമായ മെയിന്റനൻസ് നടത്താതെയാണ് സർവീസ് നടത്തുന്നത് എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെയാണ് കണ്ണൂരിലെ ദാരുണമായ അപകടമുൾപ്പെടെ നിരവധി വാഹനങ്ങളിൽ അഗ്നിബാധ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ഇതെല്ലാം സൂചിപ്പിക്കുന്നത് വിദ്യാർത്ഥികളുടെ ഗതാഗതത്തിനുപയോഗിക്കുന്ന വാഹനങ്ങളിൽ അടിയന്തിരമായി സുരക്ഷാപരിശോധന നടത്തണമെന്നാണ്. ഈ സാഹചര്യത്തിൽ സംസ്ഥാന വ്യാപകമായി EIB കളിലും, വിദ്യാർത്ഥികളുടെ യാത്രയ്ക്ക് ഉപയോഗിക്കുന്ന മറ്റ് വാഹനങ്ങളിലും 13/02/2023 മുതൽ 17/02/2023 വരെ പ്രത്യേക സുരക്ഷാ പരിശോധന നടത്തുന്നതിന് ഇതിനാൽ നിർദ്ദേശം നൽകുന്നു .

**രാവിലെ സ്കൂൾ തുടങ്ങിയതിനു ശേഷമുള്ള സമയവും , വൈകുന്നേരം സ്കൂൾ അവസാനിക്കുന്നതിന് മുൻപുള്ള സമയവും സുരക്ഷാ പരിശോധനയ്ക്കായി**

**വിനിയോഗിക്കേണ്ടതാണ്.** കുട്ടികൾ പരിഭ്രാന്തരാകുന്ന സാഹചര്യം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, പരിശോധന കഴിയുന്നത്ര വേഗത്തിൽ പൂർത്തിയാക്കേണ്ടതുമാണ്.

വാഹനങ്ങളുടെ സുരക്ഷാ സംവിധാനങ്ങളുടെയും മെക്കാനിക്കൽ കണ്ടീഷന്റെയും കർശന പരിശോധനയാണ് പ്രധാനമായും നടത്തേണ്ടത്. വാഹനങ്ങളിലെ ഫയർഎക്സ്റ്റിംഗഷർ, എമർജൻസി വാതിൽ, ഫസ്റ്റ് എയ്ഡ് ബോക്സ്, ഡോർ അറ്റന്റർമാർ, സ്പീഡ് ഗവർണർ, വാഹനത്തിന്റെ പൊതുവായ കണ്ടീഷൻ, ഓവർലോഡ് എന്നിവ കർശനമായി പരിശോധിക്കേണ്ടതാണ്. മദ്യപിച്ച് സർവീസ് നടത്തുന്ന ഡ്രൈവർമാരെ കണ്ടെത്താൻ ലഭ്യമായ സ്ഥലങ്ങളിൽ എല്ലാം ബ്രീത്ത് അനലൈസർ ഉപയോഗിക്കേണ്ടതാണ്. വിദ്യാർത്ഥികളുമായി സർവീസ് നടത്തുന്ന മറ്റ് വാഹനങ്ങളിലും സമാനരീതിയിൽ പരിശോധന നടത്തേണ്ടതാണ്.

വാഹനങ്ങളിൽ സുരക്ഷാവീഴ്ചകൾ കണ്ടെത്തുന്ന പക്ഷം ഇ-ചെല്ലാൻ തയ്യാറാക്കുന്നതിന് പുറമേ തുടർ സർവീസുകൾക്ക് മുൻപ് അവ പരിഹരിച്ചെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എൻഫോഴ്സ്മെന്റ് വിഭാഗത്തിലെയും ആർ.ടി.ഒ/ സബ് ആർ.ടി.ഒ കളിലെയും എല്ലാ MVI/AMVI മാരും പരിശോധനകളിൽ പങ്കെടുക്കേണ്ടതാണ്. ജില്ലാതലത്തിൽ ആർ.ടി.ഒ, ആർ.ടി.ഒ(E) മാർ ഈ പരിശോധനയ്ക്ക് കൃത്യമായി മേൽനോട്ടം വഹിക്കേണ്ടതും പരിശോധന കാലാവധി അവസാനിച്ച ശേഷം ഓരോ ഉദ്യോഗസ്ഥരുടെ യും പെർഫോമൻസ് വിശകലനം ചെയ്ത് റിപ്പോർട്ട് നൽകേണ്ടതുമാണ്.

മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ പരിശോധന കൃത്യമായി നടക്കുന്നുണ്ടെന്നും **എല്ലാ വാഹനങ്ങളും പരിശോധിക്കപ്പെട്ടു എന്നും ഉറപ്പു വരുത്തേണ്ടതാണ്** . ഇത് സംബന്ധിച്ച ദിവസേനയുള്ള പരിശോധന റിപ്പോർട്ട് അതാത് ദിവസം 5.00 മണിയ്ക്കും, അന്തിമ പരിശോധന റിപ്പോർട്ട് (മേഖല അടിസ്ഥാനത്തിൽ തയ്യാറാക്കിയത്) 17/02/2023-ന് 5.00 മണിയ്ക്കും ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

പരിശോധനയിൽ പ്രധാനമായും ഉപയോഗിക്കേണ്ട ഇ-ചെല്ലാൻ കോഡുകൾ പ്രത്യേകമായി ചേർക്കുന്നു;

| **E-challan codes for EIB special drive** | |
|---|---|
| 7414 | Not carrying first aid kit as prescribed in a Transport vehicle having permit |
| 9048 | Driving transport vehicle without wearing prescribed uniform |
| 7196 | Drunken driving or under the influence of drugs |
| 7766 | Violation of permit conditions not relating to area or purpose. Details puts as remarks<br><br>(this offence code can be used **if vehicle has no/expired/damaged/unfilled fire extinguisher** or if vehicle has no door attender or if the doors of such vehicles are **not fitted with reliable locks** |
| 6981 | Driving or causes or allows to be driven a vehicle which violates standards prescribed in relation to road safety, control of noise or air pollution<br><br>Can be used for offences like |

I/108388/2023

| | |
|---|---|
| | Speed governor not fitted/tampered/not working (add code 6942 also), Stop lights not fitted or not glowing as prescribed (add code 6957 also), worn out tyres, indicators not working(add 6959also), Emergency exit not properly maintained, Faulty electrical wiring harness or fuses, |

All officers are directed to **check conditions of Electrical wiring harness including fuses, Tyres, Lights, Emergency exits, Fire extinguishers** (fire extinguishers-check their validity, pressure gauge and fitting in the vehicle also, if it is not easily accessible to the driver, the same has to be rectified.)

വിശ്വസ്തതയോടെ,

Signed by
Pramoj Sanker P S
Date: 10-02-2023 18:04:42

PRAMOJ SANKER P S
ADDITIONAL TRANSPORT COMMISSIONER

*മോട്ടോർ വാഹന വകുപ്പ്, കേരളം*

പകർപ്പ് : 1 ) അസിസ്റ്റന്റ് ട്രാൻസ്‌പോർട് കമ്മിഷണർ ,
2 ) ശ്രീ .അരുൺ .സി .ഡി , എം .വി .ഐ സബ് ആർ .ടി .ഓഫീസ് ,
വണ്ടിപ്പെരിയാർ & ഹെഡ് അക്കൗണ്ടന്റ് , ഇ സെക്ഷൻ ( എല്ലാ
ദിവസവും പരിശോധന റിപ്പോർട്ട് ക്രോഡീകരിച്ചു 6.00 മണിക്ക്
മുൻപായി എ .റ്റി .സി യ്ക്ക് നൽകേണ്ടതാണ് )